**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 481** **13-08-2021 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ പ്ലസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലയിലെ ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ട്രൈബൽ പ്ലസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിനം തൊഴിൽ നൽകുന്നതിന് പുറമെ 100 അധിക തൊഴിൽ ദിനങ്ങൾ കൂടി നൽകുവാനായിട്ടാണ് സംസ്ഥാന സർക്കാർ 'കേരള ട്രൈബൽ പ്ലസ്' ' പദ്ധതി ആവിഷ്കരിച്ചത്. ഇതിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുന്നതിന് സാധിക്കുകയുണ്ടായി. അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ പദ്ധതിയിലൂടെ കഴിഞ്ഞു. ടി പദ്ധതി പ്രകാരം 2018-19 വർഷം മുതൽ 2020-21 വരെ 50.44 കോടി രൂപ ചെലവഴിച്ച് 29252 കുടുംബങ്ങൾക്ക് 956123 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.2021-22ൽ മുൻ വർഷത്തെ കുടിശ്ശികയായ 14 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു . |
| (ബി) | പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്ന പ്രകാരം തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 2020-21 വർഷം ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 29252 കുടുംബങ്ങൾക്ക് 956123 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത വർഷം പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ നൽകിയതിൽ സംസ്ഥാനം ദേശീയതലത്തിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ പട്ടികവർഗ്ഗ ക്കാർക്ക് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ 90.47 ശതമാനമാണ്. ഇത് ദേശീയതലത്തിൽ 58.99 ശതമാനമാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ജോലി ചെയ്യുന്ന ദിവസം തന്നെ വേതനം ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | ' ട്രൈബൽ പ്ലസ്' പദ്ധതി ' നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരാണെങ്കിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ രീതിയാണ് അവലംബിക്കുന്നത്, അത് പ്രകാരം തൊഴിലെടുത്ത് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനാണ് തൊഴിലാളികൾക്ക് അർഹതയുള്ളത്. നിലവിലെ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയനുസരിച്ച് തൊഴിലെടുത്ത് തുടങ്ങി ഒരാഴ്ചത്തെ മസ്റ്റർറോൾ ക്ലോസ് ചെയ്തതിനുശേഷം മാത്രമേ കൂലി നൽകുന്നതിനായി എം.ഐ.എസിൽ എൻട്രി വരുത്താൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം നൽകുന്ന രീതിയിൽ തന്നെ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് വേതനം നൽകുന്നത്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ വേതനം നൽകുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ആദിവാസി മേഖലയിലെ ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനപ്രദമായ ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ലഭിച്ച എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ടി പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. വിപുലീകരിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ